CONTROL OF COCOANUT CAKE

37. മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവർമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) പിണ്ണാക്കിന്റെ വില കൺട്രോൾ തീർപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എത്രയാണു്;

(സി) ഏതേതു തിയ്യതികളിലാണു്;

(ഡി) ഗവർമ്മെണ്ടു് ഡെപ്പോവിൽനിന്നും ഇപ്പോൾ എന്തു വിലക്കാണു് കൃഷിക്കാർക്ക് വിറ്റവരുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ടായിരുന്നു. എന്നാൽ പിന്നീടു് അതു എടുത്തുകളഞ്ഞു.

(ബി) താഴെ പറയുന്ന വിലയാണു് നിശ്ചയിച്ചിരുന്നതു്.

ക. കണ്ടി ഒന്നുക്കു് ൧൦ക. (എക്സ്. മിൽ)

ഖ. ടി—൭൫ക. (ചില്ലറ വില്പന)

(ഡി) ക. ൫—൪—ക ക ഖ ഖ/ഖ ൦—ക ഖ—ക ൻ ര ന്യ-ൽ കണ്ടി ക-ക്കു് ൯ക.യായി വില നിശ്ചയിച്ചു.

ഖ. ഖ ന്യ—ന്യ—ക ക ഖ ഖ/ന്യ—ഖ—ക ൻ ര ൧-ൽ (ബി) ചോദ്യത്തിന്റെ ഉത്തരത്തിൽ വിവരിച്ചിട്ടുള്ള വില നിശ്ചയിച്ചു.

(ഡി) ഗവർമ്മെണ്ടു് ഡെപ്പോവിൽനിന്നും പിണ്ണാക്കു വിറ്റിരുന്നില്ല.

WEAVERS CO-OPERATIVE SOCIETY AT PALLIPPURAM—REGISTERING OF

38. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

ക ക ഖ ഖ മകരം സെക്ഷനു് ക്രമ-ാംനമ്പ്രു് ചോദ്യത്തിനു "വലിയ കാലതാമസം കൂടാതെ" പള്ളിപ്പുറത്തു് വീവഴ്സു് കോ-ഓപ്പറേറ്റീവു് സൊസൈറ്റി "രജിസ്റ്റർ" ചെയ്യുമെന്നു് പറഞ്ഞതനുസരിച്ചു് രജിസ്റ്റർ ചെയ്തുവോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

ഉവ്വു്. (സംഘം ൪—ന്യ—ക ൻ ര ൧-ൽ രജിസ്റ്റർ ചെയ്തു.)

D. C. COLONY FOR KUZHUR—STARTING OF

39. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കുഴൂരിൽ അധഃകൃതർക്കു് ഒരു കോളനി വെച്ചുകൊടുക്കണമെന്നു് ആ നാട്ടുകാരായ അധഃകൃതർ-അപേക്ഷിച്ചിരുന്നുവോ;

(ബി) അപേക്ഷിച്ചിരുന്നെങ്കിൽ ഗവർമ്മെണ്ടു് അതിനെപ്പറ്റി വല്ല ആലോചനയും ചെയ്തുവോ;

(സി) അതേപ്പറ്റിയുള്ള ആലോചനയുടെ തല്ക്കാല നില എന്താണു്?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) ഉവ്വു്.

(സി) കോളനിക്കു വേണ്ട സ്ഥലം അകപയർ ചെയ്യുന്നതിനു പ്രാരംഭമായി പ്രസ്തുത സ്ഥലത്തിന്റെ വിവരം ഗസറ്റിൽ പരസ്യം ചെയ്യുവാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്.

ARTICLE IN THE "PRAJAMITRAM" DATED 31—10—1122

40. **Mrs. T. Francis** *(Ernakulam-Women)*: Will Government be pleased to state.—

have the Government perused the note published under the caption "അന്തിക്കാട്ട രണ്ടു സ്ത്രീകളെ അഞ്ചു പോലീസുകാർ ബലാൽസംഗം ചെയ്തുവത്രെ" in the issue of the "Prajamitram", dated 31st Edavam 1122 and the leading article on the same subject published in the "Express", dated 1st Mithunam 1122?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: Yes.

LIBRARY ARCHIVES Kerala Legislative Assembly